മിനിമം വേജസ് ബിൽ

*൭൫൫. (൧൬) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മിനിമം വേജസ്ബിൽ കൊച്ചിയിൽ പാസായിട്ടെത്രകാലമായി;—

(ബി) കൊച്ചി ഡിസ്ട്രിക്ടിൽ ഈ നിയമം ഏതെങ്കിലും ഫാക്ടറികളിൽ നടപ്പാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഫെബ്രുവരി പാസായി.

(ബി) ഇല്ല.

(സി) ആക്ടനുസരിച്ച് മിനിമം വേജസ് നിശ്ചയിക്കാൻ നിർദ്ദിഷ്ട വ്യവസായങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു കമ്മറ്റികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ക്ലാർത്തെ റൂളുകളും ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇവയെല്ലാം ഗവൺമെൻറിന്റെ പരിശോധനയിൽ ഇരിക്കുകയാണ്. ഈ കാര്യങ്ങളിൽ ഇൻഡ്യയിലെ എല്ലാ പ്രദേശങ്ങളിലും ഒരുപോലെയുള്ള സമുചിതമായ നടപടികളും ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശംഉള്ളതുകൊണ്ടാണ് കാലതാമസംവരുന്നത്.

ശ്രീ. പി. കെ. ഡീവർ: ഇൻഡ്യാ ഗവൺമെൻറ് വല്ല നടപടിയും ഇതിലേക്ക് എടുത്തുതുടങ്ങിയിട്ടുണ്ടോ;

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: അഗ്രിക്കൾച്ചറൽ മിനിമം വേജസ് നിശ്ചയിക്കുന്നതിനു ഒരു എൻക്വയറി കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിലെ ഉദ്യോഗസ്ഥന്മാർ ഇവിടെ വന്നപ്പോൾ നാം സഹായിച്ചിട്ടും ഉണ്ട്.

ശ്രീ. പി. കെ. ഡീവർ: നിയമം പാസായി എത്ര നാൾക്കകം നടപ്പിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ മാർച്ച് അവസാനത്തിനുമുമ്പ് വേണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ നടപടികളെല്ലാം പൂർത്തിയാകാത്തതിനാൽ ഇൻഡ്യാ ഗവൺമെൻറും മറ്റു സ്റ്റേറ്റുകളിലെ മന്ത്രിമാരും കൂടി കഴിഞ്ഞ ഡിസമ്പർ മാസത്തിൽ കൂടിയ കാൺഫറൻസിൽ ഈ അവധി കുറച്ചുകൂടി നീട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ട്,

ശ്രീ. പി. കെ. ഡീവർ: പാസായിട്ടുള്ള നിയമത്തിൽ എന്തെങ്കിലും ഭേദഗതി വേണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യമുണ്ടെങ്കിൽ ചെയ്യും.

ശ്രീ. പി. കെ. ഡീവർ: ഇൻഡ്യാ ഗവൺമെൻറിൽ ഇതുസംബന്ധിച്ചുള്ള റൂളുകളും ഉണ്ടാക്കിക്കഴിഞ്ഞുവോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏതെല്ലാം വില്ലേജുകളിലാണ് ഇതിനെക്കുറിച്ചുനേഷണം നടത്തുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എട്ടു പത്തു വില്ലേജുകളും സെലക്ടുചെയ്തിട്ടുണ്ട്. ഈ ഗവൺമെൻറിനു അതിലുള്ള ചെലവിൽ പങ്കും ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇൻഡ്യാ ഗവൺമെൻറിൽനിന്നും എന്താണ് നിർദ്ദേശം നൽകാനുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വ്യവസായം മുതലായ കാര്യങ്ങളിൽ ഇൻഡ്യാ ഗവൺമെൻറുമായി ആലോചിച്ച് ചെയ്യേണ്ട സ്ഥിതിക്ക് ചില പ്രായോഗിക വൈഷമ്യങ്ങളെല്ലാം ഉണ്ടാകും. അതിനു ചില നിർദ്ദേശങ്ങളും അവർ തരും.

Sri. D. Gnanasigamoni: Is it now the policy to have a uniform legislation thrughout India?

Sri. Panampilli Govinda Menon: Legislation will be based on a uniform policy according to the local conditions. There may be difference in the wages fixed.

Sri. D. Ganasigamoni: Are not the Government of India undertaking a legislation applicable to all the Provinces in this matter?

Sri. Panampilli Govinda Menon: Not with respect to the Minimum Wages.

LIBRARY ARCHIVES Kerala Legislative Assembly